MONDAY 30-08-2021 തിങ്കളാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA


Chief Editor : George Sebastian Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananthapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) – 30/08/2021

1. കാർഷിക സർവ്വകലാശാലയുടെ വിവിധ ജൈവ രോഗ കീട നിയന്ത്രണോപാദികൾ, ജീവാണു വളങ്ങൾ, ജൈവ വളങ്ങൾ എന്നിവ ഇപ്പോൾ വേങ്ങേരിയിലുള്ള സർവ്വകലാശാല സ്ഥാപനമായ കാർഷിക വിജ്ഞാന വിപണന കേന്ദ്രത്തിൽ ലഭ്യമാകുന്നു. രോഗപ്രതിരോധശേഷി വർദ്ധിപ്പിച്ചു സസ്യങ്ങളുടെ വളർച്ച കൂട്ടുന്ന സ്യൂഡോമോണാസ്, ട്രൈക്കോഡെർമ, പത്തു ഗ്രോ ബാഗിന് ആവശ്യമായ എല്ലാ വളക്കൂട്ടുകളും അടങ്ങിയ ഏക കിറ്റ്, മീലിമൂട്ട, നിമാവിരകൾ എന്നിവയ്ക്ക് എതിരെയുള്ള പോച്ചോണിയ, പെസീലിയോമൈസസ്, ജൈവ പൊട്ടാഷ് വളമായ ബയോപൊട്ടാഷ്, ചെടികളുടെ വേരുകളെ ശക്തിപ്പെടുത്തുന്ന വാം അഥവാ മൈക്കൊറൈസ പുഴുക്കൾ, വാഴയുടെ പിിപ്പുഴു എന്നിവക്ക് എതിരെയുള്ള ബ്യൂവേറിയ, പച്ചക്കറിക്കുള്ള മൈക്രോ ന്യൂട്രിയന്റ് മിക്സ് സമ്പൂർണ, പച്ചക്കറി വിത്തുകളായ ചീര,വെി, പാവൽ, പടവലം, മത്തൻ, വള്ളിപ്പയർ, വഴുതന, പീച്ചിൽ, കമ്പോസ്റ്റ് വളങ്ങൾ, മാവിനും പച്ചക്കറികൾക്കും ഉള്ള കായീച്ചകെണി, നീരൂറ്റിക്കുടിക്കുന്ന പ്രാണികൾക്ക് എതിരെയുള്ള ജൈവകീടനാശിനി രക്ഷ, ചിപ്പി കൂൺ വിത്ത്, വിവിധ വിളകളെ സംബന്ധിച്ചുള്ള സർവകലാശാല പുസ്തകങ്ങൾ എന്നിവ ഇവിടെ നിന്നും ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് 0495 2935850 എന്ന നമ്പരിൽ ബന്ധപ്പെടുക.

2. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ ഓപ്പറേറ്റീവ് മാനേജ്മെന്റ് കണ്ണൂരും കേരള സ്റ്റാർട്ട് മിഷന്റെ ടെക്നോളജി ഇന്ക്യൂബഷൻ സെന്റർ ആയ മൈസോണും സംയുക്തമായി ഡിജിറ്റൽ ബിസിനസ് സ്ട്രാറ്റജിയിൽ അധിഷ്ഠിതമായ വ്യാപാര കാഴ്ചപ്പാടും ഇതിന്റെ സാധ്യതകൾ സഹകരണ സ്ഥാപനങ്ങളിലും, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകളിലും എങ്ങനെ ഫലവത്തായി ഉപയോഗിക്കാം എന്നതിനെക്കുറിച്ചുള്ള ഒരു ശില്പശാല (ഓൺലൈൻ) 06/09/21 ന് സംഘടിപ്പിച്ചിരിക്കുന്നു.. ഈ ശില്പശാലയിൽ ജില്ലയിലെ എല്ലാത്തരം സഹകരണ സംഘങ്ങൾക്കും ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾക്കും പങ്കെടുക്കാം. താല്പര്യമുള്ളവർ ഇന്നു തന്നെ (31/08/2021 നു മുമ്പായി) https://forms.gle/ZBBMK7H9UoHsM37b7 എന്ന ലിങ്ക് ഉപയോഗിച്ചോ

kannuricm@gmail.com എന്ന ഇമെയിൽ വിലാസത്തിലൂടെയോ രജിസ്റ്റർ ചെയ്യുക. മറ്റ് വിശദവിവരങ്ങൾ, രജിസ്റ്റർ ചെയ്തവരുടെ വാട്സ്ആപ്പ് നമ്പറിലൂടെ / ഇമെയിലിലൂടെ അറിയിക്കുന്നതായിരിക്കും.

3. വാഴപ്പള്ളി പഞ്ചായത്തിൽ ആട് സാറ്റലൈറ്റ് പദ്ധതി, കറവയന്ത്രം സ്ഥാപിക്കൽ, കൺസർവേഷൻ ഓഫ് ലൈവ്സ്റ്റോക്ക് ബയോവേയ്സ്റ്റ് റ്റ മാനുർ, താറാവ് വളർത്തൽ, മൃഗസംരക്ഷണ മേഖലയിലെ വായ്പകൾക്കുള്ള സഹായധനം തുടങ്ങി വിവിധ പദ്ധതികളിലേയ്ക്കുള്ള അപേക്ഷകൾ ഈ മാസം 31 ന് വൈകിട്ട് മൂന്ന മണിയ്ക്ക മുൻപായി തുരുത്തി മൃഗാശുപത്രിയിൽ നൽകണമെന്ന് തുരുത്തി വെറ്ററിനറി സർജൻ അറിയിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് 0481-2321244 എന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

4. കേരള കാർഷിക സർവ്വകലാശാലയുടെ വെള്ളാനിക്കര പച്ചക്കറി ശാസ്ത്ര വിഭാഗത്തിൽ കുരുവില്ലാത്ത തണ്ണിമത്തൻ ( സ്വർണ്ണ, ഷോണിമ), സാലഡ് കുക്കുമ്പർ (KPCH -1) എന്നിവയുടെ ഹൈബ്രിഡ് വിത്തുകളും കുരുവുള്ള തണ്ണിമത്തൻ (ഷുഗർബേബി), പയർ (ഭാഗ്യലക്ഷ്മി, കാശീകാഞ്ചൻ, അനശ്വര, വൈജയന്തി), വഴുതന (സൂര്യ), വെള്ളരി (സൗഭാഗ്യ), ശീമപ്പയർ, ചീര (അരുൺ) എന്നിവയുടെ നാടൻ വിത്തുകളും വില്പനയ്ക്കുണ്ട്. വില്പന സമയം 9 മുതൽ 4 വരെ. കൂടുതൽ വിവരങ്ങൾക്ക് 9188248481 നമ്പറുമായി ബന്ധപെടുക.

5. തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ 45 ദിവസം പ്രായമായ അത്യുൽപാദനശേഷിയുള്ള ബി.വി 380 ഇനത്തിൽപ്പെട്ട കോഴിക്കുഞ്ഞുങ്ങൾ വില്പനയ്ക്ക് തയ്യാറായിട്ടുണ്ട്. കുഞ്ഞൊന്നിനു 160 രൂപയാണ് വില. മുൻകൂട്ടി ബുക്ക് ചെയ്തവർക്ക് നേരിട്ട് വന്നു വാങ്ങാവുന്നതാണ്. അല്ലാത്തവർ 9400483754 എന്ന ഫോൺ നമ്പറിൽ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെ ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

6. സ്റ്റേറ്റ് അഗ്രിക്കൾച്ചർ മാനേജ്മെന്റ് ആന്റ് എക്സ്റ്റൻഷൻ ട്രയിനിംങ് ഇൻസ്റ്റിസ്റ്റ്യൂട്ടിന്റെ (SAMETI) ആഭിമുഖ്യത്തിൽ സെപ്റ്റംബർ 3-ന് രാവിലെ 10.30-ന് അലങ്കാര ചെടികളുടെ വംശവർദ്ധനവ് എന്ന വിഷയത്തിലും വൈകിട്ട് 4 മണിക്ക് മണ്ണ് പരിശോധനയും സോയിൽ ഹെൽത്ത് കാർഡും എന്ന

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS’ WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വിഷയത്തിലും ഓൺലൈൻ പരിശീലനം നടത്തുന്നു. https://www.facebook.com/SametiKeralaExtensionChannel/live/ എന്ന ഫേസ്ബുക്ക് പേജിൽ പരിശീലനം തത്സമയം വീക്ഷിക്കാവുന്നതാണ്.

7. കോട്ടയം ക്ഷീര പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 3-നു (03/09/2021 ന ) രാവിലെ 11 മണിക്ക് "**ക്ഷീരോത്പന്ന നിർമ്മാണം – രഗസുള, രസമലായ്**" എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം ഗൂഗിൾ മീറ്റ് വഴി നടത്തുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കാനായി http://meet.google.com/iff-xwbj-kqe എന്ന ലിങ്ക് വഴി ജോയിൻ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് **0481–2302223 / 9447824520** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

8. തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ 45 ദിവസം പ്രായമായ അത്യുൽപാദനശേഷിയുള്ള ബി.വി 380 ഇനത്തിൽപ്പെട്ട കോഴിക്കുഞ്ഞുങ്ങൾ വില്പനയ്ക്ക് തയ്യാറായിട്ടുണ്ട്. കുഞ്ഞൊന്നിനു 160 രൂപയാണ് വില. മുൻകൂട്ടി ബുക്ക് ചെയ്തവർക്ക് നേരിട്ട് വന്നു വാങ്ങാവുന്നതാണ്. അല്ലാത്തവർ **9400483754** എന്ന ഫോൺ നമ്പറിൽ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ തിരുവനന്തപുരം